# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1543 — 21.03.2012 ൽ മറുപടിയ്ക്ക്

**<u>ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ എഴുതിത്തള്ളാൻ നടപടികൾ</u>**

**ചോദ്യം**

ശ്രീമതി കെ. എസ്. സലീഖ

**മറുപടി**

ശ്രീ. കെ.പി. മോഹനൻ
(ബഹു: കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര കർഷക ആത്മഹത്യകൾ നടന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടന്ന കർഷക ആത്മഹത്യയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. (ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടനുസരിച്ച്)

| ജില്ല | ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | ഇല്ല |
| കൊല്ലം | ഇല്ല |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | ഇല്ല |
| കോട്ടയം | ഇല്ല |
| ഇടുക്കി | ഇല്ല |
| എറണാകുളം | ഇല്ല |
| തൃശ്ശൂർ | 1+1(മാനസികാസ്വാസ്ഥ്യം മൂലം ആത്മഹത്യ ചെയ്തതാണെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു) |
| പാലക്കാട് | ഇല്ല |
| കോഴിക്കോട് | 1 |
| മലപ്പുറം | ഇല്ല |
| വയനാട് | 16 |
| കണ്ണൂർ | 4 |
| കാസർഗോഡ് | 3 |
| ആകെ | 27 |

| | |
|---|---|
| (ബി) ഇത്തരം കർഷക ആത്മഹത്യകൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരാനും കർഷക ആത്മഹത്യാ നിവാരണ പദ്ധതികൾ പ്രകാരമുള്ള അർഹതപ്പെട്ട സഹായധനം നേടിയെടുക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) വയനാട് ജില്ലയിൽ തുടർച്ചയായി കർഷക ആത്മഹത്യകൾ ശ്രദ്ധയിൽ പെട്ടതിനെത്തുടർന്ന് ജില്ലയിലെ കാർഷിക സ്ഥിതിയും പ്രതിസന്ധിയും സംബന്ധിച്ച് വ്യക്തമായ ഒരു ചിത്രം ലഭിക്കുന്നതിനായി കാർഷികോല്പാദന കമ്മീഷണറുടെ നേതൃത്വത്തിൽ കേരള കാർഷിക സർവ്വകലാശാലയിലെയും കേരള വെറ്റിനറി & ആനിമൽ സയൻസസ് സർവ്വകലാശാലയിലെയും ഓരോ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. കമ്മിറ്റിയുടെ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും വയനാട് ജില്ലയിലെ കർഷകരെ കടക്കെണിയിൽ നിന്ന് രക്ഷിക്കുന്നതിന് വേണ്ടി ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. |
| (സി) കർഷക ആത്മഹത്യകൾ നടന്ന കുടുംബങ്ങളുടെ കടങ്ങൾ എഴുതിത്തള്ളാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) വയനാട് ജില്ലയിലെ കർഷകരുടെ 31.10.2011 വരെയുള്ള കാർഷികകടങ്ങൾ പരിഗണിക്കത്തക്ക വിധം സംസ്ഥാന കർഷക കടാശ്വാസ കമ്മീഷനെ അധികാരപ്പെടുത്തുന്നതിനായി കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് ഭേദഗതി ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) വിലത്തകർച്ചമൂലം ബുദ്ധിമുട്ടുന്ന കർഷകരുടെ വിളകൾക്ക് താങ്ങുവില പദ്ധതി ഉണ്ടാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന 15 രൂപ നിരക്കിൽ നെല്ല് സംഭരണത്തിന് അനുമതി നൽകിയിട്ടുണ്ട്. നാളികേരത്തിന്റെ വില കുറയുന്ന അവസരത്തിൽ നാഫെഡിന്റെ നോഡൽ ഏജൻസികളായ കേരഫെഡും മാർക്കറ്റ്ഫെഡും മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100/- രൂപ നിരക്കിൽ കൊപ്ര സംഭരിക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്തവ്യാപാരവിപണികളിലും ലേലം നടക്കുന്ന ദിവസം ഓരോ ഉല്പന്നത്തിനും ഒരു തറവില നിശ്ചയിക്കുകയും ലേലത്തിൽ തറവിലയ്ക്ക് മുകളിൽ തുക വിളിക്കാത്ത സാഹചര്യത്തിൽ ഹോർട്ടികോർപ്പ് ഉല്പന്നങ്ങൾ തറവിലയ്ക്ക് സംഭരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ